# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 -26

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി കുട്ടികളിൽ സർവ്വതോമുഖമായ വികാസം ഉറപ്പാക്കുക എന്നതാണ്. അതിനു വേണ്ടി പാഠപുസ്തകങ്ങളോടൊപ്പം ജീവിതപാഠങ്ങൾ കൂടി കുട്ടികൾ സ്വായത്തമാക്കേണ്ടതുണ്ട്.ഇതിനായി കുട്ടികളിൽ വികസിക്കേണ്ട ധാരണകൾ പഠന പ്രവർത്തനങ്ങളിൽ ഉൾച്ചേർത്ത് വികസിപ്പിക്കേണ്ടത് വളരെ പ്രധാനമാണ്. പഠനം എന്നാൽ പരീക്ഷയെ മാത്രം ലക്ഷ്യമിടേണ്ട ഒന്നല്ല. മറിച്ച് സമൂഹത്തിൽ എങ്ങനെ ജീവിക്കണം, എങ്ങനെ പെരുമാറണം എന്നുള്ളതിന്റെ ഒരു പരിശീലനം കൂടിയാകുന്നു. ഇക്കാര്യങ്ങൾ കൂടി ഈ വർഷത്തെ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിക്കുന്നുണ്ട്

പൊതുസമൂഹത്തിന് മതിപ്പുളവാക്കുന്നതും മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനും ഉതകുന്ന തരത്തിലുള്ള അക്കാദമിക മാസ്റ്റർ തയ്യാറാക്കുക എന്നതാണ് ലക്ഷ്യം. ആധുനിക സമൂഹത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് നമ്മൾ ഓരോരുത്തരും കൈകോർക്കേണ്ടതാണെന്ന ബോധ്യം പൊതുസമൂഹത്തിൽ ഉണ്ടാകണം.

## ലക്ഷ്യങ്ങൾ

1) പാഠ്യപദ്ധതി ലക്ഷ്യമിട്ട ഓരോ ക്ലാസിന്റെയും നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനോടൊപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ അനുഭവങ്ങൾ ഒരുക്കുക.

2) കുട്ടികൾക്ക് മികച്ച മാനസിക വൈകാരിക ശാരീരിക ആരോഗ്യം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

3) ലഹരിക്കെതിരായ നിലപാട് കൈക്കൊള്ളുന്നതിനായി പഠന പ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

4) 'ശുചിത്വ വിദ്യാലയം സുന്ദരവിദ്യാലയം' എന്ന പ്രവർത്തന പദ്ധതി സ്കൂൾതലത്തിൽ ഫലപ്രദമായി നടപ്പിലാക്കുക.

5) കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

6) ജൂൺ 3 മുതൽ 13 വരെ നടത്തിയ പൊതു ധാരണ മേഖലകളുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടത്തുക

7) മാതൃഭാഷയ്ക്ക് ഒപ്പം ഇംഗ്ലീഷ് ഹിന്ദി തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന ശേഷി വികാസം ഉറപ്പുവരുത്തുക.

## സമഗ്ര ഗുണം എന്ന വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേകമായി ഏറ്റെടുക്കുന്ന പരിപാടികൾ

* ജീവിതമൂല്യ അവബോധം ക്ലാസ് തല പ്രാരംഭ പ്രവർത്തനം. ( ചർച്ചയും ക്രോഡീകരണവും)
* 'ശ്രദ്ധ' പഠന പിന്തുണ പരിപാടി നടപ്പിലാക്കൽ
* ഭിന്നശേഷിക്കാർക്കുള്ള പിന്തുണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നു.
* എല്ലാ കുട്ടികൾക്കും പഠന പ്രവർത്തനങ്ങളിൽ തുല്യ പ്രാധാന്യം ഉറപ്പാക്കുന്നു.
* ഓരോ ക്ലാസിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നു.
* മാതൃഭാഷയ്ക്ക് ഒപ്പം ഇംഗ്ലീഷ്,ഹിന്ദി വിഷയങ്ങൾക്ക് തുല്യ പ്രാധാന്യം നൽകുന്നു.
* വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടുന്നു.
* സാങ്കേതിക സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
* വിവിധ രംഗങ്ങളിൽ മികവാർന്ന വ്യക്തികളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുക.
* തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക.

## സമഗ്ര ഗുണമേന്മ പദ്ധതി പ്രവർത്തന വിശദാംശങ്ങൾ

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പാഠ്യപദ്ധതി ലക്ഷ്യമിട്ട ഓരോ ക്ലാസിന്റെയും നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനോടൊപ്പം മതനിരപേക്ഷ ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ അനുഭവങ്ങൾ ഒരുക്കുക.<br>പ്രവർത്തനം | ജീവിത മൂല്യങ്ങളെ കുറിച്ചുള്ള പൊതു ധാരണ( ആരോഗ്യം, ശുചിത്വം, ഡിജിറ്റൽ അച്ചടക്കം,പരിസര ശുചിത്വം, ലഹരി, പരസ്പര സഹകരണം)<br><br>എല്ലാദിവസവും ക്ലാസ് തലത്തിൽ പൊതു മൂല്യങ്ങളെ കുറിച്ചുള്ള ചർച്ചയും ക്രോഡീകരണവും. | ജൂൺ 3 മുതൽ 13 വരെ<br><br>ജൂൺ മുതൽ മാർച്ച് വരെ | HM ക്ലാസ് അധ്യാപകർ<br><br>ക്ലാസ് ടീച്ചർ | |

## സമഗ്ര ഗുണമേന്മ പദ്ധതി പ്രവർത്തന വിശദാംശങ്ങൾ

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 2. | കുട്ടികൾക്ക് മികച്ച മാനസിക വൈകാരിക ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക | ദിനാചരണങ്ങളോട് അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ജൂൺ 21 യോഗ ദിനം ജൂൺ 26 ലഹരി വിരുദ്ധ ദിനം സൂംബപരിശീലനം ആരോഗ്യ ബോധവൽക്കരണ ക്ലാസ് | ജൂൺ മുതൽ മാർച്ച് വരെ | HM ക്ലാസ് | |
| 3. | ലഹരിക്കെതിരായി നിലപാട് കൈക്കൊള്ളുന്നതിനായി പഠന പ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക | വിഷ അനുബന്ധ പ്രവർത്തനങ്ങൾ ആരോഗ്യ ബോധവത്കരണ ക്ലാസുകൾ ഡോക്യുമെന്ററി പ്രവർത്തനങ്ങൾ സ്കിറ്റുകളുടെ അവതരണം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

## സമഗ്ര ഗുണമേന്മ പദ്ധതി പ്രവർത്തന വിശദാംശങ്ങൾ

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4. | ശുചിത്വ വിദ്യാലയം സുന്ദരവിദ്യാലയം എന്ന പ്രവർത്തന പദ്ധതി സ്കൂൾതലത്തിൽ ഫലപ്രദമായി നടപ്പിലാക്കുക | പച്ചക്കറിത്തോട്ട നിർമ്മാണം പൂന്തോട്ടം നിർമ്മാണം വേസ്റ്റ് മാനേജ്മെന്റ് ആരോഗ്യ ബോധവൽക്കരണ ക്ലാസ് | ജൂൺ മുതൽ മാർച്ച് വരെ | | |
| 5. | കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക | സൂംബ ക്ലാസുകൾ കായിക മത്സരങ്ങൾ കായിക അധ്യാപകരുടെ സേവനം ഉറപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| 6. | ജൂൺ 3 മുതൽ 13 വരെ നടത്തിയ പൊതു ധാരണകളുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടത്തുക | പൊതു മൂല്യങ്ങളെ കുറിച്ചുള്ള ചർച്ച ക്രോഡീകരണം നടപ്പിലാക്കാൻ | ജൂൺ മുതൽ മാർച്ച് വരെ | | |
| 7. | മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ് ഹിന്ദി തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാനശേഷി വികാസം ഉപ്പുവരുത്തുക | Provide more opportunity to read and write English. English activities in assembly. Introducing English story book develop communicative skills.ഹിന്ദി അക്ഷരമാല പരിചയം ലഘു വാക്കുകൾ അടിസ്ഥാന വിവരങ്ങൾ (ആഴ്ചകൾ,മാസങ്ങൾ നമ്പറുകൾ) | ജൂൺ മുതൽ മാർച്ച് വരെ | | |

# ക്ലാസ്സ് തലം

## പദ്ധതി വിശദാംശങ്ങൾ

**മേഖല: അക്കാദമികം**

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | ഒന്നാംതരം കഴിയുമ്പോൾ കുട്ടിക്ക് അക്ഷരവും ചിഹ്നവും ഉറപ്പിക്കുക. | 1. ഓരോ കുട്ടിയുടേയും പഠനനില തിരിച്ചറിയുക.<br>2. ചിത്രവായനയ്ക്ക് അവസരം നൽകുന്നു.<br>3. അക്ഷരക്കാർഡുകളും, വായനക്കാർഡുകളും ഉപയോഗിച്ച് വായനയ്ക്കവസരം നൽകുന്നു.<br>4. ചിഹ്നങ്ങളും അക്ഷരങ്ങളും സൃഷ്ടികളായി നൽകി വാക്കുകൾ നിർമ്മിക്കുന്നു.<br>5. സി.ഡി. പ്രദർശനം സന്ദർഭത്തിനനുസരിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. | ജൂൺ<br>ജൂൺ, ജൂലൈ<br>ആഗസ്റ്റ് - ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി - മാർച്ച് | ഒന്നാം ക്ലാസ് ടീച്ചർ | കമ്പ്യൂട്ടർ ലാബ് സിഡി ലൈബ്രറി സ്മാർട്ട്ക്ലാസ് റൂം. | 1,00,000/- |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. വായനക്കൂട്ടം രൂപീകരിക്കൽ<br>2. ബാല പ്രസിദ്ധീകരണങ്ങൾ കൂട്ടായി ഉറക്കെ വായന.<br>3. വായനാമൂല സജ്ജീകരിക്കുന്നു.<br>4. ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തുക.<br>5. ലൈബ്രറിയിലേക്ക് പരമാവധി പുസ്തകങ്ങൾശേഖരിക്കുക.<br>6. പഠനത്തിന്റെ ഭാഗമായി അധികവായനയ്ക്ക് പുസ്തകങ്ങൾ ഉപയോഗിക്കൽ | ജൂൺ- മാർച്ച് | എച്ച്.എം. ഭാഷാധ്യപകർ പി.ടി.എ | ഭാഷാലാബ് സജ്ജീകരിക്കുന്നു ലൈബ്രറി റൂം റീഡിംഗ് റൂം ക്ലാസ് ലൈബ്രറി നവീകരണം | 2,00,000/- |

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരിക്കുക.<br>2. കുട്ടികളുടെ സർഗ്ഗാത്മകരചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം (പ്രദർശന ബോർഡുകൾ)<br>3. വായനാകുറിപ്പ് തയ്യാറാക്കുന്നു.<br>4. കുറിപ്പുകൾ പതിപ്പാകുന്നു.<br>5. വായനാസാമഗ്രികളുടെ നിർമ്മാണം. (കുഞ്ഞെഴുത്തിനും, കുഞ്ഞുവായയ്ക്കും സഹായിക്കുന്നവ)<br>6. രചനാശില്പശാലകൾ (സമൂഹപങ്കാളിത്തത്തോടുകൂടി / പ്രാദേശിക വിദഗ്ധരെക്കൂടി ഉൾപ്പെടുത്തുന്നു.)<br>7. ഇ - വായന പ്രോത്സാഹിപ്പിക്കൽ (ഇന്റർനെറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കൽ ബ്ലോഗ് രൂപീകരണം, കഥ, കവിത പ്രസംഗങ്ങൾ എന്നിവയുടെ വീഡിയോ കാണാൻ അവസരമൊരുക്കുന്നു. | ജൂൺ<br>ജൂൺ - മാർച്ച്<br>"<br>"<br>ജനുവരി - മാർച്ച്<br>മാർച്ച്<br>ജൂൺ - മാർച്ച് | ഭാഷാ അധ്യാപകർ<br>"<br>"<br>"<br>അധ്യാപകർ<br>എച്ച്.എം.<br>അധ്യാപകർ<br>വിദ്യാരംഗം കൺവീനർ<br>എച്ച്.എം.<br>അധ്യാപകർ | കമ്പ്യൂട്ടർ സംവിധാനങ്ങൾ ബ്ലോഗ് രൂപീകരിക്കുക.<br>2. കമ്പ്യൂട്ടർ റൂം. | 50,000/- |
| | ഭാഷാ പഠനത്തിൽ ഭിന്നശേഷിക്കാർക്ക് പ്രോത്സാഹനം നൽകുക. | 1. റിസോഴ്സ് ടീച്ചേഴ്സിന്റെ സഹായത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.<br>2. ഫീഡ്ബാക്ക് രക്ഷിതാവിനെ അറിയിക്കൽ.<br>3. പ്രോത്സാഹനം നൽകുക. (ക്യാമ്പുകളിൽ പങ്കെടുപ്പിക്കുക.)<br>4. രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ ബോധവൽക്കരണം നടത്തുക. | ജൂൺ - മാർച്ച് | എച്ച്.എം.<br>ക്ലാസ് ടീച്ചേഴ്സ്<br>ഐ.ഇ.ഡി. ടീച്ചർ<br>ബി.ആർ.സി. | ഐ.ഇ.ഡിക്കാർക്ക് പരിശീലനത്തിന് പ്രത്യേക റൂം | 25000/- |

## ഉപമേഖല ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| I | ഒന്നാംതരം കഴിയുന്ന കുട്ടിക്ക് ഇംഗ്ലീഷ് പദങ്ങളുടെ ഉച്ചാരണം മനസ്സിലാക്കി വായിക്കുന്നതിനും എഴുതുന്നതിനും കഴിയുക. | 1. പഠനനില കണ്ടെത്തൽ.<br>2. ചിത്രക്കാർഡുകൾ, പദക്കാർഡുകൾ, അക്ഷരക്കാർഡുകൾ എന്നിവ ഉപയോഗിച്ച് അക്ഷരം ഉറപ്പിക്കുന്നു.<br>3. സി.ഡിയിൽ കഥകളും, കാർട്ടൂണുകളും, പാട്ടുകളും കേൾക്കാൻ അവസരമൊരുക്കുന്നു.<br>4. ഉച്ചാരണം ധാരാളം തവണ കേൾക്കാൻ അവസരമൊരുക്കുന്നു.<br>5. കോറിയോ ഗ്രാഫിക്കുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നു.<br>6. സന്ദർഭങ്ങൾ നൽകി ചെറുവാക്യങ്ങൾ പറയിക്കുന്നു. എഴുതിക്കുന്നു. | ജൂൺ<br>ജൂൺ - ആഗസ്റ്റ്<br>സെപ്റ്റംബർ<br>സെപ്റ്റംബർ - നവംബർ<br>നവംബർ<br>നവംബർ - മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | കമ്പ്യൂട്ടർ ലാബ്<br>സി.ഡി. ലൈബ്രറി<br>പ്രൊജക്ടർ | |
| I | ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കുക. | 1. Let's Talk (എല്ലാ ദിവസവും ക്ലാസ് തുടങ്ങുന്നതിന് മുൻപ് വീട്ടു വിശേഷം പറയൽ.)<br>2. ഇംഗ്ലീഷ് പ്രസംഗങ്ങൾ, വീഡിയോകൾ, സിനിമകൾ എന്നിവ കാണിക്കുക.<br>3. ഇംഗ്ലീഷ് - ക്ലാസ് ലൈബ്രറി സജ്ജീകരിക്കുക, പുസ്തകങ്ങൾ ശേഖരിക്കുക.<br>4. ഇംഗ്ലീഷ് അസംബ്ലി പത്രവാർത്തകൾ, ഇംഗ്ലീഷ്, കടങ്കഥകൾ, ഇംഗ്ലീഷ് കവിതകൾ, മൈസെൽഫ് എന്നിവ ഉൾപ്പെടുത്തുക.<br>5. ഇംഗ്ലീഷ് രചനാശിൽപശാലകൾ നടത്തുക. (ശിൽപശാലയിൽ രൂപപ്പെടുന്ന ഉൽപന്നങ്ങൾ പൊതുവേദിയിൽ പ്രദർശിപ്പിക്കുക.)<br>6. ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുക. (സമൂഹത്തിനു മുൻപിൽ മാഗസിൻ പ്രകാശനം നടത്തുക.) | ജൂൺ - മാർച്ച്<br>മാസത്തിലൊരിക്കൽ<br>ജൂൺ<br>ആഴ്ചയിൽ ഒരു ദിവസം<br>ജനുവരി - മാർച്ച്<br>മാർച്ച് | ഇംഗ്ലീഷ് ടീച്ചർ<br>എച്ച്.എം.<br>ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ്<br>എച്ച്.എം, അധ്യാപകർ | അസംബ്ലി ഹാൾ | 25000/-<br>10000/- |

## ഉപമേഖല ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | നാലാം തരത്തിലെത്തുന്ന കുട്ടിക്ക് ഇംഗ്ലീഷ് ഭാഷാപരമായ സമഗ്രവികസനം സാധ്യമാക്കുക. | 1. ഇംഗ്ലീഷ് ഡയറി എഴുത്ത്.<br>2. ഇംഗ്ലീഷ് ചിത്രകഥാപുസ്തകങ്ങൾ വായിക്കാനവസരം.<br>3. സ്പോക്കൺ ഇംഗ്ലീഷ് പരിശീലന പാക്കേജ് തയ്യാറാക്കുന്നു. (ഹലോ ഇംഗ്ലീഷ് പ്രാദേശിക വിദഗ്ധർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.)<br>4. പൊതുവേദിയിൽ സംസാരിക്കാനും സൃഷ്ടികൾ അവതരിപ്പിക്കാനുമുള്ള അവസരം. | എല്ലാദിവസവും<br>ജൂൺമുതൽ<br>ജൂലൈ - മാർച്ച്<br>ഫെബ്രുവരി | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് പുസ്തകങ്ങളുടെ ശേഖരണം | സ്പോൺസേഴ്സ്<br>10000/- |
| | | **ഉപമേഖല ഗണിതം** | | | | |
| 1. | ഗണിതത്തിൽ താൽപര്യം വർധിപ്പിക്കുകയും ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ കുട്ടിയെ വളർത്തുകയും ചെയ്യുക. | 1. ഗണിതചുവർ നിർമ്മാണം<br>2. ക്ലാസ്റൂം ഭിത്തി, ജനൽ, കതക്, തറ, മേശ, പുസ്തകം എന്നിവയിലുള്ള ഗണിതാശയങ്ങൾ പരിചയപ്പെടുത്തുന്നു.<br>3. ഗണിതക്കാർഡ് നിർമ്മാണം (സംഖ്യാകാർഡ്, ചിത്രകാർഡ്, സങ്കലനക്കാർഡ് തുടങ്ങിയവ)<br>4. ഗണിതകളിൽ ഗണിതത്തിന് പ്രാധാന്യം നൽകിക്കൊണ്ട് അസംബ്ലി, ഗണിതപ്പതിപ്പ് എന്നിവ പരിചയപ്പെടുത്തുന്നു.<br>5. ഗണിതകിറ്റ് തയ്യാറാക്കൽ.<br>6. പഠനോപകരണ നിർമ്മാണം. പ്രാദേശിക വിദഗ്ധരുടെ സഹായത്തോടെ.) | ജൂൺമുതൽ ആരംഭിക്കുന്നു.<br>ജൂൺ<br>ജൂൺ<br>ജൂൺ മുതൽ ജൂണിൽ ആരംഭിക്കുന്നു.<br>ജൂൺമാസം തന്നെ ലിസ്റ്റ് തയ്യാറാക്കുന്നു. | എച്ച്.എം.<br>ഗണിതാധ്യാപകർ<br>എസ്.ആർ.ജിയിൽ ചർച്ച<br>അധ്യാപകർ<br>എച്ച്.എം.<br>അധ്യാപകർ<br>അധ്യാപകർ, രക്ഷിതാക്കൾ<br>എച്ച്.എം.<br>അധ്യാപകർ | ഇംഗ്ലീഷ് പുസ്തകങ്ങളുടെ ശേഖരണം | 35000/-<br>15000/- |
| | ഗണിതാടിസ്ഥാനത്തിൽ അടിസ്ഥാന ശേഷീ വികസനം. | 1. ചതുർക്രിയകൾ, സംഖ്യാബോധം എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള കളികൾ സംഘടിപ്പിക്കുന്നു.<br>2. ഗണിതലാബ് ഒരുക്കുന്നു.<br>3. ഗണിത ക്ലബ്ബ് രൂപീകരണം<br>4. നിത്യജീവിതവും ഗണിതവുമായുള്ള ബന്ധം മനസ്സിലാക്കുന്നു. | ജൂൺ - മാർച്ച്<br>ജൂലൈ<br>ജൂൺ<br>ജൂൺ - മാർച്ച് | അധ്യാപകർ<br>എച്ച്.എം., അധ്യാപകർ<br>അധ്യാപകർ<br>അധ്യാപകർ | | |

## ഉപമേഖല ശാസ്ത്രപഠനം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | കുട്ടികളിൽ ശാസ്ത്രബോധം വളർത്തുകയും, ശാസ്ത്രാഭിരുചി ഉണ്ടാക്കുകയും, ശാസ്ത്രീയ സമീപനം മനസ്സിലാക്കുകയും ചെയ്യുക. | 1. ഒന്നുമുതൽ നാലു വരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് ക്ലാസിൽ ശാസ്ത്രമൂല തയ്യാറാക്കുക. | ജൂൺ | എച്ച്.എം. അധ്യാപകർ | ശാസ്ത്രമൂല ക്രമീകരിക്കാൻ പ്രത്യേക സൗകര്യം ക്ലാസിൽ ഒരുക്കുക. | 10000/- |
| | | 2. ശാസ്ത്രമൂലയിലേക്ക് ആവശ്യമായ സാധനങ്ങൾ ലിസ്റ്റ് ചെയ്യുക. | ജൂൺ | എച്ച്.എം. അധ്യാപകർ, | | |
| | | 3. ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, ക്ലാസിൽ സൂക്ഷിക്കാവുന്നവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കുക. | ജൂൺ - ജൂലൈ | എസ്.ആർ.ജിയിൽ ചർച്ച | | |
| | | 4. പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്യുക. (എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉണ്ടാകത്തക്ക രീതിയിൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കുക. | സമയബന്ധിതമായി | അധ്യാപകർ എസ്.ആർ.ജിയിൽ | ശാസ്ത്രലാബ് | 10000/- |
| | | 5. ശാസ്ത്രപുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ഉൾപ്പെടുത്തി വായിക്കാനവസരം നൽകുക. | ജൂൺ - മാർച്ച് | സയൻസ് അധ്യാപകർ | ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തൽ | 5000/- |
| | | 6. സി.പി.ടി.എയിൽ ശാസ്ത്രമൂല രക്ഷിതാക്കൾക്കും പരിചയപ്പെടുത്തുക. | ആഗസ്റ്റ് | എച്ച്.എം. അധ്യാപകർ | | |
| | പരിസരം പാഠപുസ്തകവും, പരീക്ഷണശാലയുമാറ്റി മാറ്റുക. പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക. കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ വളർത്തുക. | 1. പരിസരം പാഠപുസ്തകമാക്കുന്നതിന്റെ ഭാഗമായി സ്ക്കൂൾ പരിസരത്തുള്ള സസ്യങ്ങൾ ലിസ്റ്റ് ചെയ്ത് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക. | ജൂൺ | എച്ച്.എം., അധ്യാപകർ | | |
| | | 2. ജൈവവൈവിധ്യം അനുസരിച്ച് തരംതിരിക്കുക. | ജൂൺ - ജൂലൈ | പി.ടി.എ | | |
| | | 3. ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുക. ഉദ്യാനനിർമ്മാണ പ്രക്രിയയിൽ കുട്ടികളെ പങ്കാളികളാക്കുന്നു. സ്ഥിരമായി വരുന്ന ശലഭങ്ങളേയും, കിളികളെയും നിരീക്ഷിച്ച് രേഖപ്പെടുത്തുന്നു. ഉദ്യാനസംരക്ഷണം കുട്ടികളെ ചുമതലപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | എച്ച്.എം., അധ്യാപകർ പി.ടി.എ | | |
| | | 4. പരിസ്ഥിതി പരീക്ഷണശാല ഉപയോഗപ്പെടുത്തുന്നു. പ്രാദേശികമായി ചുറ്റുപാടിൽ നിന്ന് ശേഖരിക്കാവുന്ന സീറോകോസ്റ്റ് പരീക്ഷണസാമഗ്രികൾ കുട്ടികളും, അധ്യാപകരും, രക്ഷിതാക്കളും ചേർന്ന് നിർമ്മിക്കൽ, ശേഖരിക്കൽ | ആഗസ്റ്റ് - ഒക്ടോബർ | എച്ച്.എം. ടീച്ചേഴ്സ് പി.ടി.എ എം.പി.ടി.എ | | 50000/- |

## ഉപമേഖല ശാസ്ത്രപഠനം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | ശാസ്ത്രോത്സവവും പരീക്ഷണോത്സവവും സംഘടിപ്പിക്കുന്നു. | എല്ലാ കുട്ടികൾക്കും സ്വതന്ത്രമായി പരീക്ഷണങ്ങൾ ചെയ്യുന്നതിനുള്ള ലാബ് ക്രമീകരിക്കുന്നു.<br>ശാസ്ത്രോത്സവത്തിൽ സമൂഹത്തെ പങ്കാളികളാക്കുന്നു.<br>ശാസ്ത്രചുവരുകൾ നിർമ്മിക്കുന്നു.<br>(ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ, ശാസ്ത്രവാർത്തകൾ എന്നിവ പ്രദർശിപ്പിക്കുന്നു.) | ഫെബ്രുവരി- മാർച്ച്<br>മാർച്ച് | എച്ച്.എം. അധ്യാപകർ<br>പി.ടി.എ<br>അധ്യാപകർ | മികച്ച ലാബുകൾ | 10000/- |
| | പാരിസ്ഥിതികാവബോധവും ജലസംസ്കാരവും തമ്മിലുള്ള ബന്ധം ബോധ്യപ്പെടുത്തുക. | പരിസര നിരീക്ഷണം, വീഡിയോ പ്രദർശനം, ചർച്ച എന്നിവയിലൂടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുക. കാരണങ്ങൾ കണ്ടെത്തുക.<br>പരിഹാര പ്രക്രിയയിൽ ഏർപ്പെടാനുള്ള മനോഭാവം ഉണ്ടാക്കുക.<br>ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | ജൂൺ - മാർച്ച് | അധ്യാപകർ | ജെ.സി.ടി. സിഡികൾ | 1000/- |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | അക്കാദമിക മികവിന് സ്മാർട്ട് ക്ലാസ് റൂം | 1. എല്ലാ ക്ലാസ് മുറികളിലും പ്രൊജക്ടർ, കമ്പ്യൂട്ടർ, ഇരിപ്പിട സൗകര്യം എന്നിവ സജ്ജീകരിക്കുന്നു.<br>2. പാഠഭാഗങ്ങൾ ഐ.സി.ടി സാധ്യതയോടെ മെച്ചപ്പെടുത്തുന്നു.<br>3. വിഷയങ്ങളുമായി ബന്ധപ്പെട്ട ഫോട്ടോ ഫോർഡുകൾ മുൻകൂട്ടി തയ്യാറാക്കുന്നു.<br>4. ഐ.ടി. മേഖലയിലുള്ള പരിമിതികൾ മറികടക്കുന്നതിന് അക്കാദമിക സ്ഥാപനങ്ങളുടേയും മറ്റ് ഏജൻസികളുടേയും പിന്തുണ തേടുന്നു.<br>5. ക്ലാസ് മുറികളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നു.<br>6. കുട്ടികൾക്ക് കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനുള്ള അവസരം നൽകുന്നു.<br>7. സി.പി.ടി.എയിൽ കമ്പ്യൂട്ടർ അധിഷ്ഠിത പഠനത്തെക്കുറിച്ച് മാതൃകാ ക്ലാസിലൂടെ ബോധ്യപ്പെടുത്തുന്നു. | ജൂൺ<br>ജൂൺ - ജൂലൈ<br>ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | എച്ച്.എം. അധ്യാപകർ<br>അധ്യാപകർ<br>അധ്യാപകർ<br>എച്ച്.എം. പി.ടി.എ അധ്യാപകർ ഡി.ഐ.ഇ.ടി<br>എച്ച്.എം. അധ്യാപകർ | കമ്പ്യൂട്ടർ പ്രൊജക്ടർ ഇരിപ്പിടം | 20000/- |
| | വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിച്ച് സമൂഹത്തിന്റെ വിശ്വാസ്യത ആർജ്ജിക്കുക. | 1. സ്ക്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിലും മറ്റു പൊതു പരിപാടികൾക്കും നേതൃത്വം നൽകുന്നതിന് ചുമതലാ വിഭജനം നടത്തുക. ഇതിൽ കുട്ടികൾ, അധ്യാപകർ, എന്നിവർക്കു പുറമേ രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തുക.<br>2. ദിനാചരണങ്ങളോടനുബന്ധിച്ച് സമൂഹ/രക്ഷാകർതൃ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>3. സ്കൂൾ അസംബ്ലിയിൽ രക്ഷിതാക്കളുടെ പങ്കാളിത്തം, ദിനാചരണങ്ങളിൽ പ്രാദേശിക വിദഗ്ധരുടെ പങ്കാളിത്തം ഇവ ഉറപ്പ് വരുത്തുന്നു.<br>4. അസംബ്ലി, ശിൽപശാലകൾ എന്നിവ വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് പി.ടി.എ കമ്മിറ്റിയുടെ അഭിപ്രായം ആരായുന്നു.<br>5. കോർണർ. പി.ടി.എ പോലെയുള്ള മീറ്റിംഗുകൾ നടക്കുമ്പോൾ പ്രാദേശികസംഘാടക സമിതി രൂപീകരിക്കുന്നു. (വിദ്യാലയത്തിന്റെ മികവുകൾ സമൂഹത്തെ ബോധ്യപ്പെടുത്തത്തക്കവിധത്തിൽ തെളിവുകൾ ഉൾപ്പെടുത്തി കോർണർ പി.ടി.എകൾ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച്<br>"<br>"<br>"<br>" | എച്ച്.എം. അധ്യാപകർ പി.ടി.എ എം.പി.ടി.എ | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പഠനാവസരങ്ങൾ ഒരുക്കുക. | 1. കുട്ടികളെ അറിയൽ (കുട്ടിയുടെ കേസ് ഹിസ്റ്ററി ഓരോ ടീച്ചറും തയ്യാറാക്കുക, ഇത്തരം കുട്ടികൾക്ക് നൽകാവുന്ന പിന്തുണ സൂചിപ്പിച്ച് പഠനാനുഭവങ്ങൾ അനുരൂപീകരിച്ച് ടി.എം. തയ്യാറാക്കുക. ഇത്തരം കുട്ടികളുടെ കഴിവുകൾ സവിശേഷതകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. | ജൂൺ | അധ്യാപകർ ഐ.ഇ.ഡി. അധ്യാപിക | മികച്ച ലാബുകൾ | 10000/- |
| | | 2. ഇത്തരം കുട്ടികൾക്ക് പൊതു അംഗീകാരം നൽകുന്നതിനുള്ള അവസരം കണ്ടെത്തുക. രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തുക. ഇവരുടെ ചെറിയ രീതിയിലുള്ള പുരോഗതി പോലും രക്ഷിതാവിനെ തെളിവ് സഹിതം അറിയിക്കുന്നു. | ജൂൺ - മാർച്ച് | എച്ച്.എം. അധ്യാപകർ റിസോഴ്സ് ടീച്ചർ | | |
| | | 3. ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്ക് ഐടി പരിശീലനം നൽകുക. | അവസരോചിതം | റിസോഴ്സ് ടീച്ചർ | | |
| | | 4. പ്രത്യേക ക്യാമ്പുകൾ, പരിശീലനങ്ങൾ എന്നിവയിൽ പങ്കെടുപ്പിക്കുക. | | എച്ച്.എം. റിസോഴ്സ് ടീച്ചർ | | |
| | | 5. സി.പി.ടി.എയിൽ ഇത്തരം കുട്ടികളെ പഠിപ്പിക്കുന്ന ബോധന രീതി അവതരിപ്പിക്കുക. | ആഗസ്റ്റ് | റിസോഴ്സ് ടീച്ചർ | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | നിരന്തരവിലയിരുത്തലും പരിഹാര ബോധനവും നടത്തി എല്ലാകുട്ടികൾക്കും സന്തുലിതാവസരങ്ങൾ ഒരുക്കുക. | 1. നിരന്തര വിലയിരുത്തൽ സന്ദർഭങ്ങൾ, രീതികൾ, തുടർപ്രവർത്തനം എന്നിവ എസ്.ആർ.ജി.യിൽ ചർച്ച ചെയ്ത് ധാരണ കൈവരിക്കുന്നു. | ഓരോ എസ്.ആർ.ജിയിലും ചർച്ച ചെയ്ത് തീരുമാനിക്കും | എച്ച്.എം. എസ്.ആർ.ജി. കൺവീനർ, അധ്യാപകർ | മികച്ച ലാബുകൾ | 10000/- |
| | | 2. ഓരോ യൂണിറ്റിലും രൂപപ്പെടേണ്ട ഉല്പന്നങ്ങളെക്കുറിച്ച് എസ്.ആർ.ജിയിൽ ചർച്ച ചെയ്ത് ധാരണ ഉണ്ടാക്കുന്നു. | സമയബന്ധിതമായി ചെയ്യുന്നു. | " | | |
| | | 3. നോട്ട് ബുക്ക്, പോർട്ട്ഫോളിയോ എന്നിവ കുട്ടിയുടെ പഠനനിലയുടെ വളർച്ചയെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ചിട്ടപ്പെടുത്തുന്നു. | | " | | |
| | | 4. ഓരോ യൂണിറ്റ് കഴിയുമ്പോഴും പഠനനില രക്ഷിതാവിനെ അറിയിക്കുന്നു. | | " | | |
| | | 5. കുട്ടിയുടെ പഠനത്തിൽ രക്ഷിതാവിന്റെ പങ്ക് സി.പി.ടി.എയിൽ ബോധ്യപ്പെടുത്തുന്നു. | | " | | |
| | | 6. പ്രതികരണപ്പേജിലെ രേഖപ്പെടുത്തലുകൾ ക്രോഡീകരിച്ച് എസ്.ആർ.ജിയിലും സി.പി.ടി.എയിലും അവതരിപ്പിക്കുന്നു. | | " | | |
| | | 7. മൂല്യനിർണ്ണയ ഫലങ്ങളുടെ ശാസ്ത്രീയ വിശകലനം താരതമ്യം ചെയ്യുന്നു./ ക്രോഡീകരിക്കുന്നു. | | " | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | സവിശേഷ കഴിവുള്ള കുട്ടികൾക്ക് പ്രത്യേക പഠന സൗകര്യങ്ങൾ ഒരുക്കുക. | 1. സവിശേഷ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു. ഇത്തരം കുട്ടികൾക്ക് നൽകേണ്ട പ്രത്യേക പരിശീലനത്തിന് പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. ഇതിനായി പ്രാദേശിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. | ജൂൺ | അധ്യാപകർ | കലാ പഠനത്തിന് പ്രത്യേക റൂം<br>റിസോഴ്സ് ടീച്ചേഴ്സിന്റെ ലഭ്യത. | 25000/- |
| | | 2. സ്ക്കൂൾ ടാലന്റ് ലാബിന് രൂപം നൽകുന്നു. കലാപഠനം, കായിക പരിശീലനം, പ്രവൃത്തിപരിചയ പരിശീലനം തുടങ്ങിയവ ടാലന്റ് ലാബിൽ നടക്കുന്നു. | ജൂൺ - ജൂലൈ | അധ്യാപകർ | | |
| | | 3. പഞ്ചായത്ത് തലത്തിൽ ടാലന്റ് ലാബ് നവീകരിക്കുന്നതിന് ആലോചിക്കുന്നു. | ആഗസ്റ്റ് | എച്ച്.എം. | | |
| | | 4. സ്പെഷലിസ്റ്റ് അധ്യാപകരുടെ (എല്ലാവിഭാഗവും) സേവനം ഉറപ്പ് വരുത്തുന്നു. | ജൂൺ മുതൽ | എച്ച്.എം.<br>ബി.ആർ.സി | | |
| | | 5. ടാലന്റ് ലാബിലൂടെ കൈയ്യെഴുത്ത് മാസികയിൽ ചിത്രരചനയ്ക്ക് അവസരം, ബാലസഭയിൽ കലാപ്രകടനത്തിനുള്ള അവസരം, ചിത്രപ്പതിപ്പുകൾ, നാടകവതരണം, സ്കൂൾ ചിത്രപ്രദർശനം, സ്കൂൾഗായക സംഘ രൂപീകരണം, പ്രവൃത്തി പരിചയ ശിൽപശാല എന്നി സ്പെഷലിസ്റ്റ് അധ്യാപകരുടെ സഹായത്തോടെ നടത്തുന്നു. | മാർച്ച് | എച്ച്.എം.<br>അധ്യാപകർ | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| | നല്ല പഠനത്തിന് നല്ല ആരോഗ്യം. (പോഷകാഹാര പരിപാടി) | പാചകപ്പുര നവീകരിക്കുക.<br>കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിന് മെസ്ഹാൾ<br>പോഷകസമൃദ്ധമായ ആഹാരം ഉറപ്പ് വരുത്തുക.<br>പാചകവും, ഭക്ഷണ സാധനങ്ങളും വിലയിരുത്തുന്നതിന് രക്ഷിതാക്കളെ കൂടി ചുമതലപ്പെടുത്തുക. | ഹ്രസ്വകാലം | എച്ച്. എം.<br>പഞ്ചായത്ത്<br>ഗവൺമെന്റ്<br>എം.പി.ഫണ്ട്.<br>എം.എൽ.ഫണ്ട്<br>പൂർവ്വ വിദ്യാർത്ഥികൾ | | 3,00,000/- |
| | മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക. | ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നു.<br><br>ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നവർക്ക് വേണ്ട ഫോളോ അപ് നടത്തുന്നു. പോഷകാഹാരത്തിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ രക്ഷിതാക്കൾക്ക് സംഘടിപ്പിക്കുന്നു. | | എച്ച്. എം.<br>ഹെൽത്ത് ഇൻസ്പെക്ടർ | | |

ലോകത്തെവിടേയുമുള്ള സമപ്രായക്കാരുമായി നേടിയ അറിവിന്റേയും കഴിവിന്റേയും അടിസ്ഥാനത്തിൽ സംവദിക്കാനുള്ള ശേഷി കൈവരിച്ചു എന്ന് ഉറപ്പാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കുവാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം ജനാധിപത്യബോധം, തുല്ല്യത, സഹകരണം, സഹവർത്തിത്വം തുടങ്ങി ഒരു ജനാധിപത്യസമൂഹത്തിന്റെ മുന്നോട്ടു പോക്കിനാവശ്യമായ മൂല്ല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും. അക്കാദമിക ശോഭയുള്ള വേറിട്ട വിദ്യാലയത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി തയ്യാറാക്കപ്പെട്ടിരിക്കുന്ന ഈ പദ്ധതി രൂപരേഖ കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കിക്കൊണ്ട് ലക്ഷ്യപ്രാപ്തിയിൽ എത്തുമെന്ന് പ്രത്യാശിക്കുന്നു.